ഡോക്ടർ എം. വി. പൈലി കമ്മിറ്റി റിപ്പോർട്ടിലെ ശുപാർശകൾ

105 [1284] ശ്രീ. ജോർജ് ജെ. മാത്യു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്വയം തൊഴിൽ കണ്ടെത്താൻ പ്രാപ്തരാകുംവിധം കോഴ്സുകൾ ആരംഭിക്കുവാൻ ഡോക്ടർ എം. വി. പൈലി കമ്മിറ്റി ശുപാർശ ചെയ്തിട്ടുണ്ടോ;

(ബി) എങ്കിൽ ഇവയിൽ ബിരുദം, ബിരുദാനന്തര ബിരുദം, പി. ജി. ഡിപ്ലോമ സർട്ടിഫിക്കറ്റ് എന്നീ കോഴ്സുകൾ എത്ര വീതമെന്ന് വെളിപ്പെടുത്തുമോ;

(സി) കോഴ്സുകളുടെ വിവിധ വശങ്ങൾ പഠിക്കാൻ ഒരു വിദഗ്ദ്ധസമിതി രൂപീകരിച്ചിട്ടുണ്ടോ; എങ്കിൽ അതിലെ അംഗങ്ങൾ ആരെല്ലാം എന്ന് വ്യക്തമാക്കാമോ;

(ഡി) ഡോക്ടർ എം. വി. പൈലി കമ്മിറ്റി റിപ്പോർട്ടിലെ മറ്റു ശുപാർശകൾ എന്തൊക്കെ എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ, ബി, സി ആൻറ് ഡി). വിവരം ശേഖരിച്ചുവരുന്നു.

മലിനീകരണംമൂലമുള്ള രോഗങ്ങൾ തടയാൻ നടപടി

106 [1285] ശ്രീ. എ. യൂനസ്കുഞ്ഞ്:
,, പി. എം. മാത്യു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മലിനീകരണംമൂലം മാരകരോഗങ്ങൾ ഉണ്ടാകുന്നു എന്ന വിവരം സർക്കാരിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ;

(ബി) ഇതു തടയാൻ സർക്കാർ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിരിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(സി) മലിനീകരണം മൂലമുള്ള രോഗങ്ങളെ സംബന്ധിച്ച് ജനങ്ങളെ ബോധവൽക്കരിക്കുന്നതിനും ശുചീകരണ പ്രവർത്തനങ്ങൾ നടത്തുന്നതിനും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെയും സാമൂഹ്യ സന്നദ്ധ സംഘടനകളുടെയും സഹായത്തോടെ ഒരു സ്ഥിരം സംവിധാനത്തിന് സർക്കാർ രൂപം നൽകുമോ;

(ഡി) എങ്കിൽ ഇതിന് ആവശ്യമായ സാമ്പത്തിക സഹായം നൽകുമോ?

ഉത്തരം

(എ) ഉണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) വ്യവസായ മാലിന്യങ്ങൾ നിയന്ത്രിക്കുന്നതിനും അവയുടെ തോത് അപകടരഹിതമായി നിർമ്മാർജ്ജനം ചെയ്യുന്നതിനുംവേണ്ട നടപടികൾ കേരള സംസ്ഥാന മലിനീകരണ നിയന്ത്രണബോർഡ് സ്വീകരിച്ചുവരുന്നു. വ്യവസായ സ്ഥാപനങ്ങളിൽനിന്നുള്ള മലിനീകരണംമൂലം രോഗങ്ങൾ ഉണ്ടാകുന്നു എന്നു സംശയിക്കുന്ന സ്ഥലങ്ങളിൽ മെഡിക്കൽ സർവെ നടത്തുകയും അതിന്റെ അടിസ്ഥാനത്തിൽ മെഡിക്കൽ ക്യാമ്പുകൾ നടത്തുകയും നിവാരണ മാർഗ്ഗങ്ങൾ നിർദ്ദേശിക്കുകയും ചെയ്യുന്നുണ്ട്. മലിനജലം കെട്ടിക്കിടക്കുന്ന ഓടകളും മറ്റും ശുചിയാക്കുന്നതിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ നടപടി സ്വീകരിക്കുന്നു. മാരകരോഗങ്ങൾ പടർന്നുപിടിക്കാൻ ഇടയാക്കുന്ന കൊതുകുകളെയും മറ്റും നശിപ്പിക്കുന്നതിന് സർക്കാർ ഒരു തീവ്രയത്ന പരിപാടിയും ആസൂത്രണം ചെയ്തിട്ടുണ്ട്.

(സി, ഡി) ഇക്കാര്യത്തിൽ സ്ഥിരം സംവിധാനം ഏർപ്പെടുത്തുന്ന കാര്യം പരിശോധനയിലാണ്. ജാപ്പനീസ് എൻസഫലൈറ്റീസ് രോഗത്തെക്കുറിച്ച് വിവരം ലഭിച്ചതിനെ തുടർന്ന് കൊതുകു നശീകരണത്തിന് ബോധവൽക്കരണമുൾപ്പെടെ ഒരു തീവ്രയത്ന പരിപാടി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെയും സന്നദ്ധസംഘടനകളുടെയും പങ്കാളിത്തത്തോടെ നടപ്പിലാക്കിവരുന്നു. ഇതിന് രണ്ടുകോടി രൂപ അനുവദിച്ചിട്ടുണ്ട്.

ആരോഗ്യവകുപ്പിലെ പൊതുസ്ഥലംമാറ്റത്തെക്കുറിച്ചുള്ള പരാതികൾ

107 [1286] ശ്രീമതി കെ. ആർ. ഗൗരിയമ്മ:

ശ്രീ. ജോർജ്ജ് മസ്ക്രീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആരോഗ്യവകുപ്പിലെ കഴിഞ്ഞ ജനറൽ ട്രാൻസ്ഫറിനെ സംബന്ധിച്ചുണ്ടായ പരാതികൾ അന്വേഷിക്കാൻ നിയോഗിക്കപ്പെട്ട കമ്മിറ്റി ഗവൺമെന്റിന് റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത റിപ്പോർട്ടിൻമേൽ എന്ത് നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കാമോ;

(സി) മാനദണ്ഡത്തിന് വിരുദ്ധമായി സ്ഥലംമാറ്റം നടത്തിയതിന്റെ പേരിൽ ആരോഗ്യവകുപ്പിലെ ഏതെങ്കിലും ഉദ്യോഗസ്ഥരുടെ പേരിൽ ശിക്ഷണ നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ഡി) ഉണ്ടെങ്കിൽ ഏതെല്ലാം ഉദ്യോഗസ്ഥരുടെ പേരിലാണ് ശിക്ഷണ നടപടി സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ഇ) എന്ത് ശിക്ഷണ നടപടികളാണ് ഇവരുടെ പേരിൽ സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ആരോഗ്യവകുപ്പിലെ കഴിഞ്ഞ ജനറൽ ട്രാൻസ്ഫറിനെ സംബന്ധിച്ച് പരാതികൾ പരിശോധിച്ച് തീർപ്പുകൽപ്പിക്കുന്നതിനുവേണ്ടി സർക്കാർ ഒരു റിവ്യൂ കമ്മിറ്റിയെ നിയമിക്കുകയുണ്ടായി. കിട്ടിയ പരാതികൾ കമ്മിറ്റി പരിശോധിക്കുകയും അർഹമായവയിൻമേൽ ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത കമ്മിറ്റി സർക്കാരിന് പ്രത്യേക റിപ്പോർട്ടൊന്നും നൽകിയിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly